**പതിനാലാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1503** **07.06.2018 ൽ മറുപടിയ്ക്ക്**

**ചോദ്യം**
**ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ**

**മറുപടി**
**ശ്രീ.ഇ. ചന്ദ്രശേഖരൻ**
**(റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി)**

**കുട്ടിക്കാനത്തെ അമ്മച്ചിക്കൊട്ടാരം**

| | | |
|---|---|---|
| (എ) | തിരുവിതാംകൂർ മഹാരാജാവിന്റെ വേനൽക്കാല വസതിയായിരുന്ന ഇടുക്കി കുട്ടിക്കാനത്തെ അമ്മച്ചിക്കൊട്ടാരവും, ഭൂമിയും അന്യാധീനപ്പെട്ടുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇതുസംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; | (എ) ടി വിഷയത്തിൽ അന്വേഷണം നടത്തി റിപ്പോർട്ട് നൽകാൻ ലാൻഡ് റവന്യൂ കമ്മീഷണറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത ഭൂമിയും കൊട്ടാരവും ഇപ്പോൾ ആരുടെ കൈവശമാണെന്നും നിലവിലെ കൈവശക്കാർക്ക് അത് ലഭിച്ചത് എപ്രകാരമാണെന്നും വിശദമാക്കുമോ; | (ബി) തിരുവിതാംകൂർ മഹാരാജാവായിരുന്ന ശ്രീ.ബാലരാമവർമ്മയുടെ വേനൽക്കാല വസതിയായിരുന്ന ഇടുക്കി ജില്ലയിലെ പീരുമേട് വില്ലേജിലെ കുട്ടിക്കാനം കൊട്ടാരവും അതിനോട് ചേർന്നുള്ള 24 ഏക്കർ 50 സെന്റ് ഭൂമിയും കേരള ഭൂ പരിഷ്കരണ നിയമത്തിലെ സെക്ഷൻ 81 പ്രകാരം മിച്ചഭൂമി കേസിൽ നിന്നും ഒഴിവാക്കി നൽകിയതാണ്. നിലവിലെ കൈവശക്കാർക്ക് പ്രസ്തുത ഭൂമി ലഭിച്ചത് രജിസ്റ്റർ ചെയ്ത പല ആധാരങ്ങളിലൂടെയാണ്. ആയത് സംബന്ധിച്ച വിശദമായ പരിശോധന ലാൻഡ് റവന്യൂ കമ്മീഷണർ നടത്തി വരുന്നു. |
| (സി) | കൈമാറ്റത്തിന്റെ നിയമസാധുതയെപ്പറ്റി ഉന്നതതല അന്വേഷണം വേണമെന്ന് ആർ.ഡി.ഒ. ശുപാർശ ചെയ്തിട്ടുണ്ടോ;എങ്കിൽ പ്രസ്തുത ശുപാർശയുടെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ? | (സി) ഉണ്ട്. ലാൻഡ് റവന്യൂ കമ്മീഷണറേറ്റിലെ അസിസ്റ്റന്റ് കമ്മീഷണർ (എൽ.എ)-യുടെ നേതൃത്വത്തിൽ ഒരു ടീം രൂപീകരിച്ച് അന്വേഷണം നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ